പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5631 27.03.2018-ലെ മറുപടിക്ക്

## ആലപ്പുഴ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിന്റെ നവീകരണ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. യു. പ്രതിഭ ഹരി | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ കെ.എസ്. ആർ.ടി.സി. ബസ് സ്റ്റാന്റിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | കിഫ്ബി ഫണ്ട് ഉപയോഗിച്ച് മൊബിലിറ്റി ഹബ് നിർമ്മിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | ടൂറിസം കേന്ദ്രങ്ങളോട് അടുത്ത് സ്ഥിതി ചെയ്യുന്ന സ്റ്റാന്റിന്റെ പ്രത്യേക വികസന സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; | (ബി) | കിഫ്ബി മുഖേന പ്രത്യേക വികസന സാധ്യതാ പഠനം M/s. INKEL നടത്തിയിട്ടുണ്ട്. |
| (സി) | യാത്രക്കാർക്കായി ആധുനിക വിശ്രമകേന്ദ്രങ്ങളും ശൗചാലയവും ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | മേൽ പരാമർശിച്ചിരിക്കുന്ന പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ പൂർണ്ണമായും പൂർത്തീകരിച്ച് കഴിയുമ്പോൾ പ്രസ്തുത സൗകര്യങ്ങൾ ലഭ്യമാകുന്നതായിരിക്കും. |
| (ഡി) | ബസ് സ്റ്റാന്റിനോട് ചേർന്നു കിടക്കുന്ന കാന്റീൻ അടഞ്ഞു കിടക്കാൻ തുടങ്ങിയത് എന്നുമുതലാണെന്നും എന്തുകൊണ്ടാണെന്നും അറിയിക്കാമോ; ഇത് അടിയന്തരമായി തുറന്നുപ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | ആലപ്പുഴ ബസ് സ്റ്റാന്റിനോട് ചേർന്നു കിടക്കുന്ന ക്യാന്റീൻ കെട്ടിടത്തിൽ ഇന്ത്യൻ കോഫീ ഹൗസ് പ്രവർത്തനം ആരംഭിക്കുന്നതിന് വേണ്ടി പ്രസ്തുത കെട്ടിടത്തിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി 15/10/2015 മുതൽ ഈ ക്യാന്റീൻ അടഞ്ഞുകിടക്കുകയാണ്. ഈ കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ അന്വേഷണം നിലനില്ക്കുന്നതിനാൽ ആയതിന്റെ തീർപ്പിനു ശേഷം മാത്രമേ ക്യാന്റീൻ തുറന്ന് പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ